പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 430 — 19-03-2013 ൽ മറുപടിക്ക്

## കെ.എസ്.ഇ. ബി ജീവനക്കാരുടെ സ്ഥാനക്കയറ്റം

| ചോദ്യം<br>ശ്രീ. ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിരവധി വർഷങ്ങളായി ജോലി ചെയ്യുന്നവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (എ) കെ.എസ്.ഇ.ബി യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഉയർന്ന ശമ്പള സ്കെയിലിലുള്ള തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് കേരള സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. യോഗ്യതാ പരീക്ഷ പാസ്സായ ഓഫീസ് അറ്റൻഡന്റുമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി യിൽ നിരവധി വർഷങ്ങളായി ഒരേ തസ്തികയിൽ ജോലി ചെയ്യേണ്ടി വരുന്ന സീനിയർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) സീനിയർ അസിസ്റ്റന്റുമാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്. |
| (സി) ഡിവിഷൻ ഓഫീസുകളിലെ ഡിവിഷണൽ അക്കൌണ്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പി.എസ്.സി വഴി ഡിവിഷണൽ അക്കൌണ്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ